# നീതിയും സമാധാനവും സംസ്ഥാപിക്കുക സാമൂഹിക നേതൃത്വത്തിന്റെ പ്രധാന ദൗത്യം: ബിഷപ്പ് മാർ ജോസ് പുത്തൻവീട്ടിൽ

കൊച്ചി: നീതിയും സമാധാനവും സംസ്ഥാപിക്കുകയാണ് സാമൂഹിക നേതൃത്വത്തിന്റെ പ്രധാന ദൗത്യമെന്ന് കെസിബിസി ലേബർ കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് മാർ ജോസ് പുത്തൻവീട്ടിൽ അഭിപ്രായപ്പെട്ടു. സമൂഹം തങ്ങളിലേല്പിക്കുന്ന വിശ്വാസം അഭംഗുരം കാത്തുപാലിക്കാൻ നേതൃത്വത്തിലുള്ളവർക്ക് ബാധ്യതയും ഉത്തരവാദിത്വവുമുണ്ട്, ബിഷപ്പ് ജോസ് പുത്തൻവീട്ടിൽ പറഞ്ഞു. കേരള ലേബർ മൂവ്മെന്റ് എറണാകുളത്ത് പിഒസി യിൽ സംഘടിപ്പിച്ച നേതൃസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് ഷാജു ആന്റണി അദ്ധ്യക്ഷത വഹിച്ചു. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, കെസിബിസി ലേബർ കമ്മീഷൻ സെക്രട്ടറി ഫാ. പ്രസാദ് കണ്ടത്തിപ്പറമ്പിൽ, ജനറൽ സെക്രട്ടറി കെ ജെ തോമസ്, കെഎൽഎം വനിതാ ഫോറം പ്രസിഡന്റ് മോളി ജോബി, വൈസ് പ്രസിഡന്റ് സ്റ്റീഫൻ കൊട്ടാരത്തിൽ, സെക്രട്ടറി ജോസ് മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. കെസിബിസി ലേബർ കമ്മീഷൻ സെക്രട്ടറിയായിരുന്ന ഫാ ജോർജ് തോമസ് നിരപ്പുകാലയിലിനെ യോഗം ആദരിച്ചു. കെ എൽ എം അസിസ്റ്റന്റ് ഡയറക്ടർ ജോസഫ് ജൂഡ്, കെ എൽ എം മുൻ സംസ്ഥാന പ്രസിഡന്റ് സെബാസ്റ്റ്യൻ പാലപ്പറമ്പിൽ, വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ പ്രസിഡൻറ് ജോയി ഗോതുരുത്ത്, കെ എൽ എം വൈസ് പ്രസിഡന്റ് ബാബു തണ്ണിക്കോട്ട് തുടങ്ങിയവർ ക്ലാസ്സുകൾക്കും ചർച്ചകൾക്കും നല്കി.